LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയില്ലാത്ത എല്ലാപേർക്കും ഭൂമി ലഭ്യമാക്കുന്ന പദ്ധതി

129 (2149) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എല്ലാപേർക്കും ഭൂമി ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയനുസരിച്ച് ഇതുവരെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഇതുവരെ ആകെ എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയത് ;

(സി) ഈ സർക്കാരിന്റെ കാലാവധി തീരുംമുമ്പ് ശേഷിക്കുന്ന എത്ര കുടുംബങ്ങൾക്കുകൂടി ഭൂമി നൽകേണ്ടിവരും ; ഇതിനായി എന്ത് ഭൂമിയാണ് കണ്ടെത്തേണ്ടത് ;

(ഡി) ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മിച്ചഭൂമി പതിച്ചുനൽകുന്നത് 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലും, ബന്ധപ്പെട്ട ചട്ടങ്ങളിലും ഉള്ള പ്രസക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അതിന് ഒരു പ്രത്യേക പദ്ധതിയുമായും ബന്ധമുള്ളതല്ല. ഈ നിയമപ്രകാരം ചെറുകിട കൈവശക്കാർക്കും ഭൂമിപതിച്ചു നൽകുവാൻ വ്യവസ്ഥയുണ്ട്.

(ബി-ഡി) ഉദിക്കുന്നില്ല.

കൊട്ടാക്കര നിയോജകമണ്ഡലത്തിൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

130 (2151) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ ;

(സി) ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫ്ളഡ് റിലീഫ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നത് പുനരുദ്ധാരണത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ചാണ് നിയോജകമണ്ഡലത്തിലല്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

ബാലുശ്ശേരി നിയോജകമണ്ഡലത്തിന് അനുവദിച്ച തുക

131 (2152) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല. ജില്ലകൾക്കാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം കോഴിക്കോട് ജില്ലയ്ക്കായി 51,02,16,324 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉത്തരം എ യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

തൃശ്ശൂർ ജില്ലയിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

132 (2154) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണപ്പണിക്കായി ഈ സർക്കാർ എത്ര തുക അനവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്രതുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണപ്പണിക്കായി ഈ സർക്കാർ 15,73,89,360 രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly